# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

**Hazrat Khalifathullah Munir Ahmad Azim (A)**
**10 March 2017 (10 Jamad'ul' Aakhir 1438 Hijira)**

## "BE GOD - FEARING" :/ ദൈവത്തെ ഭയമുള്ളവരായിരിക്കുക

സലാമിന് ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : ഫാത്തിഹ ഓതിയ ശേഷം **ദൈവത്തെ ഭയമുള്ളവരായിരിക്കുക** എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ നിർവ്വഹിക്കുകയുണ്ടായി.

ദൈവത്തിനുമാത്രമാണ് സ്തുതി. വീണ്ടും ഞാൻ ദൈവത്തിനു മാത്രമായി സ്തുതികളർപ്പിക്കുകയാണ്. ദേശീയ തലത്തിൽ ജമാ അത്തുസ്സഹീഹിൽ ഇസ്ലാം ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ട് 9 വർഷം പിന്നിടുകയാണ്. മാത്രമല്ല, രണ്ടു ദിവസം ബാക്കി നില്ക്കുന്നു. 12 മാർച്ചിന് - മൗറിഷ്യസ് അതിന്റെ സ്വാതന്ത്ര്യത്തിന്റെ 49-ാം വർഷം ആഘോഷിക്കുകയാണ്. (1968-2017) 9 വർഷങ്ങൾ (അതിൽ കൂടുതലായിട്ടുണ്ട് 2000 അവസാനം മുതൽ) കടന്നു കഴിഞ്ഞിരിക്കുന്നു. ആത്മീയ വിപ്ലവത്തിന്റെ കാറ്റടിച്ചിട്ട്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ വീണ്ടും വീണ്ടും നമുക്ക് അനുകൂലമായി പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അത് വലിയ അളവിൽ നമ്മുടെ മേൽ വ്യാപിച്ചിരിക്കുന്നു. ; നമ്മുടെ ജമാ അത്തിനു മേൽ, അല്ലാഹു നമുക്കായി ഉയർത്തിയ ജമഅത്തിനുമേൽ, ലോകമെങ്ങും അവന്റെ പ്രവർത്തനങ്ങൾ ചെയ്യുവാനായി ! അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ! അല്ലാഹു (ത) അവൻ നമ്മുടെ മേൽ നല്കിയ അളവറ്റ അനുഗ്രഹങ്ങൾക്ക് നമുക്ക് നന്ദി രേഖപ്പെടുത്താം. വ്യക്തിപരമായി എന്റെ മേല് ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ! കാരണം നിങ്ങൾക്കോരോരുത്തർക്കും അല്ലാഹുവിന്റെ പദ്ധതിയിൽ വളരെ വലിയ പങ്ക് നിർവ്വഹിക്കുവാനുണ്ട്. എന്നാൽ ഇതിനു വേണ്ടി നാം ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. വളരെ വലിയ ത്യാഗങ്ങൾ സഹിക്കേണ്ടതുണ്ട്. അപ്പോൾ മാത്രമെ അല്ലാഹുവിന്റെ വിധി നമുക്ക് ബോധ്യമാവുകയുള്ളു ! അല്ലാഹു നമുക്ക് വാഗ്ദനം ചെയ്തിരിക്കുന്ന വിജയം നമുക്ക് ഒരുമിച്ചു കാണുവാൻ സാധിക്കുകയുള്ളു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ദിവസങ്ങളും വർഷങ്ങളും കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്; അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ, ഈ വിജയം നേടുന്നതിന്, അവൻ എങ്ങനെയാണ് വാതിൽ തുറന്നിടുന്നതെന്ന്, നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. എന്തു തന്നെയാലും, അവന്റെ ഇച്ഛയ്ക്ക് നാം കീഴടങ്ങുക, നമ്മുടെ പ്രവർത്തനങ്ങളിലൂടെ നാം അവനെ സന്തോഷിപ്പിക്കുക. ഒരുകാര്യം നേടുന്നത്, സാധാരണയായി, പ്രയാസകരമാണ് എന്ന് തോന്നിയാലും, നിസ്സാരമായി അതു നേടുവാൻ കഴിയും, നമുക്ക് ഒരു ഇച്ഛാശക്തി ഉണ്ടെങ്കിൽ ! പ്രസ്തുത ഇച്ഛാശക്തി ഉണരുന്നത് താത്പര്യത്തിൽ നിന്നുമാണ് (നേടണം എന്ന ആഗ്രഹം ഒരുവനിൽ നിക്ഷിപ്തമാണ്) ഇത്തരം ഇച്ഛാശക്തി ഒരുവനിൽ ഇല്ലെങ്കിൽ, ഒരു നിസ്സാരകാര്യം പോലും, (ബോധ്യമാകുവാൻ) അവന് വളരെ പ്രയാസകരമാണ്. ദീനിനു വേണ്ടി ചില കാര്യങ്ങൾ നമുക്ക് എന്തുകൊണ്ട് ചെയ്യുവാൻ സാധിക്കുന്നില്ല? ഈ താത്ക്കാലിക ലോകത്തിനുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കുവാൻ നാം തയ്യാറാകുന്നു. അതിനായി നാം നേരത്തെ ഉണരുന്നു. നാം സന്തോഷത്തോടെ വളരെ ദൂരം നടക്കുന്നു. ബസ്സ് കാത്തുനിന്ന് അതിൽ കയറി ജോലി സ്ഥലത്തു പോകുന്നു ; എന്നാൽ ദൗർഭാഗ്യവശാൽ, പള്ളിയിലേക്ക് വരുന്നത് വളരെ വലിയ സമീപത്താണെങ്കിൽ പോലും പ്രയാസകരമായി തോന്നുന്നു! ഈ രണ്ട് കാര്യങ്ങൾ നാം വിശകലനം ചെയ്താൽ, പള്ളിയിൽ പോകുന്നത് വളരെ എളുപ്പമാണ് എന്ന് മനസ്സിലാകുന്നതാണ്; ജോലി സ്ഥലത്തു പോകുന്നതിനെക്കാൾ ! എന്നാൽ നാം പ്രയാസകരമായ ജോലി ചെയ്യുന്നു (അതായത് ജോലി സ്ഥലത്തു പോയി ജോലി ചെയ്യുന്നു) കാരണം അതിൽ നാം ഭൗതികമായ ഒരു നേട്ടം കാണുന്നു. പള്ളിയിൽ വരുന്നത് വളരെ എളുപ്പമാണെങ്കിൽ പോലും, വരുന്നില്ല, കാരണം അതിന് നാം വേണ്ട പ്രധാന്യം നമുക്ക് ബോധ്യമായിട്ടില്ല..

ഒരു പ്രവാചകവചനത്തിൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. പള്ളിയിൽ പോയി ഇശാഅ്, ഫജ്ർ നമസ്ക്കാരങ്ങൾ നിർവ്വഹിക്കുന്നതിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് കപട വിശ്വാസികൾ അറിഞ്ഞിരുന്നുവെങ്കിൽ, തീർച്ചയായും, അവർ പള്ളിയിൽ ഇഴഞ്ഞുചെന്നായിരുന്നെങ്കിലും, അവ നിർവ്വഹിക്കുവാൻ, അവിടെ എത്തുമായിരുന്നു.

സർവ്വശക്തനായ അല്ലാഹുവിനോടുള്ള സ്നേഹം വളർത്തി എടുക്കുക എന്നതാണ് പ്രതിവിധി. അങ്ങനെ ആകുമ്പോൾ ദീനി വിഷയങ്ങളിൽ നമുക്ക് താത്പര്യമുണ്ടാകും. പാരത്രികലോക ചിന്ത വളരും. അപ്പോൾ ദീനിചര്യകൾ പിന്തുടരുവാനുള്ള ഇച്ഛ നമ്മുലുണ്ടാകും.

അതിനുശേഷം, ദീനിൽ പ്രയാസമായതോ, അപഹാസ്യമായതോ അയുക്തികമായതോ ആയ ഒന്നും തന്നെ കാണുകയില്ല. നമ്മുടെ സർവ്വശക്തനായ അല്ലാഹു, നമ്മുടെ യഥാർത്ഥ സ്നേഹഭാജനം കാട്ടിത്തന്നതും പ്രശംസിച്ചതുമായ യഥാർത്ഥ ജീവിതവഴിയായി ഇതിനെ നാം മനസ്സിലാക്കുന്നതാണ്. പരമോന്നതനായ അല്ലാഹുമായുള്ള സ്നേഹം, പുരോഗതി, വളർച്ച അത് പെട്ടെന്നൊരു ദിനം സംഭവിക്കുന്നതല്ല. ഇത് ലഭിക്കുന്നതിനായി നാം യത്നിക്കേണ്ടതാണ്. ദീൻ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിന് അർപ്പണ മനോഭാവാത്തോടെയുള്ള കഠിന പ്രയത്നത്തിലൂടെ മാത്രമെ ഇതിൽ നാം വിജയിക്കുകയുള്ളു. ദൈവ സ്മരണയ്ക്കായി നാം അനിവാര്യമായ പ്രയത്നങ്ങൾ നടത്തേണ്ടുണ്ട്. അതിനായി തസ്ബീഹുകളും (ദൈവത്തിന്റെ പരിശുദ്ധിയെ വാഴ്ത്തുക) ദറൂദ് ശരീഫുകളും (നബിയുടെ മേൽ സ്വലാത്ത് ചൊല്ലൽ) ഇസ്തിഗ്ഫാറുകളും (അല്ലാഹുവിനോട് പാപമോചനത്തിനായി അർത്ഥിക്കുക) നടത്തേണ്ടതുണ്ട്. ഈ കാര്യങ്ങൾ എല്ലാ ദിവസവും ചൊല്ലേണ്ടതു നിർബന്ധമായ കാര്യമായി നാം മനസ്സിലാക്കി അനുഷ്ഠിക്കേണ്ടതാണ്. അതുപോലെ ഒരു നിശ്ചിതസമയം ഖുർആൻ പാരായണത്തിനായി മാറ്റി വെയ്ക്കേണ്ടതാണ് ; ത്യാഗം ചെയ്യേണ്ടതാണ്.

ഈ കാര്യങ്ങൾ നേടുന്നതിന് ചെയ്യേണ്ട ഒരു കാര്യം അഥവാ ഫലപ്രദമായ വഴി (ഇത് ചെയ്യുന്നതിൽ വിജയിക്കുന്നതിനായി) ദീൻ പിൻതുടരുന്നവരെ, സാത്ത്വികരായ ആളുകളെ, ദീനിൽ ആഴ്ന്നവരെ കൂടെ കൂടെ സന്ദർശിക്കുക ; പതിവായി കാണുക ; തുടർച്ചയായി ബന്ധപ്പെടുക എന്നതാണ്. അല്ലാഹുമായി ബന്ധമില്ലാത്തവരെ പതിവായി കാണരുത് ; അവർ ഇഹലോകത്തിലെ തരം താണ സുഖാനുഭൂതികളിൽ ബന്ധപ്പെട്ടുകിടക്കുന്നവരാണ്; അവർ ഭൗതികതയിൽ ബന്ധിതരായി കിടപ്പാണ്. അവർ ഇവിടെ ശാശ്വതമായി ജീവിക്കുന്നവരാണെന്നാണ് ; അവരുടെ ഒരു കാൽ ഖബ്റിലും മറ്റേകാൽ ഭൂമിയിലുമാണെങ്കിൽ പോലും ! എന്നാൽ കാര്യം ഇങ്ങനെ ഒക്കെ ആണെങ്കിലും, അവരുടെ ഇഹലോക സാധനസാമഗ്രികൾ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്.

അവർക്ക് നല്ലതുപോലെ അറിയാമെങ്കിൽപോലും, നാളെ അവരുടെ മരണമണി അവർക്കുവേണ്ടി മുഴങ്ങുന്നതാണ് എന്ന് ! അവർ അവരുടെ കയ്യിലുള്ളതെല്ലാം ഉപേക്ഷിക്കേണ്ടി വരുന്നതാണ്. മരണപ്പെടുന്ന മനുഷ്യൻ തന്നോടൊപ്പം ഒന്നും കൊണ്ടു പോകുന്നില്ലയെന്നും, അവന്റെ എല്ലാ സാധന സാമഗ്രികളും ഇവിടെ ഉപേക്ഷിച്ചു പോകുന്നു എന്നും, അവൻ കൊണ്ടു പോകുന്നത് (അവന്റെ നല്ല പ്രവർത്തികൾ മാത്രമാണ്) എന്നും അവൻ മനസ്സിലാക്കുന്നില്ലേ. ?

ഇത്തരം ആളുകൾ അവരുടെ മരണത്തെക്കുറിച്ച് ചിന്തിക്കുന്നവരല്ല. ഒരു ദിവസം മരണം,, അവരെ അത്ഭുതപ്പെടുത്തും. മരണശേഷം അവർക്ക് എന്ത് സംഭവിക്കും എന്നതിനെപറ്റി അവർ ചിന്തിക്കുന്നവരല്ല. അവർ തന്നെപോലെതന്നെ മറ്റുള്ളവരെയും ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. ഇഹലോകത്തിലെ സാധനങ്ങൾ അധികമായി നേടുന്നതിന് എല്ലാ വിധ മോശ പ്രവർത്തികളും ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ ഈ ധനം നേടുന്നതിൽ വിജയിച്ച അവർ അവരിലെ പരുഷത പ്രകടമാക്കുന്നു. താഴെതട്ടിലുള്ള പാപങ്ങളെ അവർ വെറുപ്പോടെ കാണുന്നു. അവർ ആർജ്ജിച്ചതെല്ലാം, അല്ലാഹു ആണ് അവർക്ക് നല്കിയത് എന്ന് അവർ മനസ്സിലാക്കുന്നില്ല. തീർച്ചയായും ഒന്നും തന്നെ യഥാർത്ഥത്തിൽ അവരുടേതല്ല, കാരണം എല്ലാം തന്നെ പരമോന്നതായ അല്ലാഹുവിലേക്ക് മടങ്ങിവരുന്നതാണ്. ഭൂമിയിലെ അവരുടെ ജീവിതം മുഴുവൻ ഒരു പാഴ്‌വേലയായി മാറുന്നു. കാരണം അവരുടെ ആത്മീയ പോഷണത്തിനായി അവരൊന്നും ചെയ്തില്ല.

ആയതിനാൽ ഒരു വിശ്വാസിയെ സംബന്ധിച്ചടത്തോളം, തന്റെ രക്ഷിതാവിനെ തൃപ്തിപ്പെടുത്തുന്നതിനായി ധാരാളം പ്രയത്നം ചെയ്യേണ്ടതായിട്ടുണ്ട്. തന്റെ ദൗർബല്യങ്ങൾക്ക് മാപ്പു ചോദിക്കുക, പാപമോചനത്തിനായി അർത്ഥിക്കുക, തെറ്റു കുറ്റങ്ങൾക്കുള്ള വിടുതലിനായി യാചിക്കുക തുടങ്ങിയവ. അതുകൊണ്ടാണ് ഞാൻ നിങ്ങൾക്ക് ഉപദേശം നല്കുന്നത് നിങ്ങൾ സാത്ത്വികരായ ആളുകളോടൊപ്പം കഴിയുക. സർവ്വശക്തനായ അല്ലാഹുവിന്റെ സ്നേഹം പിടിച്ചുപറ്റുവാനുള്ള ഏറ്റവും നല്ല എളുപ്പവഴി അതു മാത്രമാണ്. കുറച്ച് കാലത്തിന് ശേഷം ഈ ശീലം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറുന്നതാണ്. കാരണം ദീൻ ആചരിച്ചില്ലെങ്കിൽ, നമുക്കൊരു സുഖവും ലഭിക്കുന്നില്ല എന്ന അവസ്ഥയിൽ നാം എത്തിച്ചേരും. ഈ അവസ്ഥയിൽ നാം എത്തിച്ചേരുമ്പോൾ നമുക്ക് പറയുവാൻ കഴിയും, നാം പരമോന്നതനായ അല്ലാഹുമായി നമ്മുടെ ഹൃദയങ്ങൾ ബന്ധം സ്ഥാപിച്ചിരിക്കുന്നു എന്ന്.!

നിങ്ങളുടെ ബന്ധങ്ങളെപ്പറ്റി നിങ്ങൾ സ്വയം നിരീക്ഷിക്കുക. സൗഹൃദങ്ങൾ / ബന്ധങ്ങൾ / കൂടെകൂടെ കാണുവാൻ ആഗ്രഹിക്കുന്നവർ എന്നിവരെപറ്റിയും നിരീക്ഷിക്കുക. അതോടൊപ്പം നിങ്ങളുടെ കുട്ടികളുടെ പ്രവർത്തനങ്ങളെയും നിരീക്ഷിക്കുക. നിങ്ങൾ അനേകം മുൻകരുതലുകൾ എടുക്കേണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ തന്നെയാണ് ഇവയൊക്കെയും. അങ്ങനെ ചെയ്യാത്ത പക്ഷം നിങ്ങൾ കൂടെകൂടെ ഫാസിഖ് ആയി മാറും. ഫാസിഖ് എന്നാൽ വലിയ പാപം ചെയ്യുന്നവൻ എന്നർത്ഥം.

ഇതുപോലെതന്നെ, ചെറിയ തെറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ആളും, ഒരു ഫാസിഖ് ആയിമാറുന്നതാണ്. ഒരുവൻ ഒരു പാപം ചെയ്യുമ്പോൾ, അവൻ അവനെ സ്വയം കരിതേച്ചു കാണിക്കുകയാണ്. അങ്ങനെ അവൻ വിലയില്ലത്താവനായി മാറുന്നു. അവൻ അവനെ സ്വയം കാണിക്കുകയാണ്, ലജ്ജാരഹിതനെപോലെ ! അതുകൊണ്ടാണ് ഇന്നു ജനങ്ങളുടെ മുമ്പാകെ വളരെ മാന്യതയുള്ള ആളുകളുണ്ട്, എന്നാൽ യഥാർത്ഥത്തിൽ അവർ പരമോന്നതനായ അല്ലാഹുവിന്റെ വീക്ഷണങ്ങളിൽ മാന്യത ഉള്ളവരല്ല. ഇതൊരു ദുഃഖകരമായ കാര്യം തന്നെ !

യഥാർത്ഥ മാന്യത, അല്ലാഹുവിന്റെ വീക്ഷണത്തിൽ കാണുന്ന മാന്യതയാണ്. തീർച്ചയായും അതൊരു മാന്യത തന്നെയാണ്. അത് എന്നെന്നും നിലനില്ക്കുന്നതാണ്. അത് സത്യമായ ഒരു മാന്യത തന്നെ ആയിരിക്കും. ആയതിനാൽ, ജനങ്ങൾ വിജയശ്രീലാളിതനാണ്, എന്ന് പറഞ്ഞ് തോളുകളിൽ കയറ്റുന്നവനായിരിക്കണമെന്നില്ല യഥാർത്ഥ മാന്യൻ, യഥാർത്ഥ മാന്യൻ ഒരു മുതഖി ആയിരിക്കും. (അല്ലാഹുവിനെ ഭയക്കുന്നവനും സാത്ത്വികനുമായവൻ) അല്ലെങ്കിൽ നിഷ്കളങ്കനായവൻ, ദീനിവിഷയത്തിൽ അതീവ തല്പരൻ. ദീനിൽ അതീവ തല്പരൻ എന്നു പറഞ്ഞാൽ അവൻ തന്റെ സൃഷ്ടാവിനോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നവനായിരിക്കും. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പഠിപ്പിച്ച തത്വങ്ങളനുസരിച്ച് ! തന്റെ അധ്വാനത്തിലൂടെ ഈ ലോകത്ത് ഒരു വ്യക്തിനേടുന്ന എല്ലാ കാര്യങ്ങളും, ഒരു മുതഖി ആകുന്നതിലൂടെ, ഫലപ്രദമായ നിലയിൽ, അവന് നേടുവാൻ കഴിയും.

അല്ലാഹു (ത) അവന്റെ ദീനിനെ പിന്തുടരുന്നവർക്കു വളരെ സന്തോഷകരമായ ഒരു ജീവിതം വാഗ്ദാനം ചെയ്തിരിക്കുന്നു. അവൻ (അല്ലാഹു) അവന്റെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതാണ് എന്ന് ഉറപ്പുനല്കിയിരിക്കുന്നു. അവൻ പ്രതീക്ഷിക്കാത്ത വഴിയിലൂടെ അവന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റപ്പെടുന്നതാണ്. അല്ലാഹുവിന് അസാധ്യമായതോ, പ്രയാസകരമായതോ ആയ ഒന്നുമില്ല. പ്രയാസമായതെന്തും എളുപ്പത്തിൽ ചെയ്യുവാനുള്ള കഴിവ് അവനുണ്ട്. അവന് അസാധ്യമായത് സാധ്യമാക്കാനുള്ള കഴിവുണ്ട്. അവന് അനുകൂലമല്ലാത്തത് അനുകൂലമാക്കി മാറ്റാനുള്ള കഴിവുണ്ട്. നമുക്കാവശ്യമുള്ളതെല്ലാം അല്ലാഹുവിന്റെ കൈകളിലുണ്ട്. അവൻ സർവ്വശക്തനാണ്. ഇതെല്ലാം നേടുവാൻ ഒരേ ഒരു വഴി മാത്രമാണുള്ളത്. അത് മുത്തഖി ആയിതീരുക എന്നതാണാവഴി. ശേഷം എല്ലാകാര്യങ്ങളും ശരിയാകുന്നതാണ്

എല്ലാത്തിനെയും നിയന്ത്രിക്കുന്നവന്റെ മഹത്വത്തെ പ്രകീർത്തനം ചെയ്യുക. നിശ്ചയം ! എല്ലാ കാര്യങ്ങളും അവന്റെ കരങ്ങളിലാണ്. യ അല്ലാഹ് ! നിനക്കായി സർവ്വതും സമർപ്പിക്കുന്നതിലൂടെ ഞങ്ങളെ ബഹുമാനിതരാക്കിതീർക്കുക. നിന്നെ അനുസരിക്കത്തതിലൂടെ നിന്റെ അസന്തുഷ്ടിക്ക് ഞങ്ങളെ പാത്രമാക്കരുതെ ! ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail : jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**